ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM DATE: 15-04-2024

# പ്രധാനവാർത്തകൾ

1 . സംസ്ഥാനത്ത് എൻ ഡി എ പ്രചാരണത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി കുന്നംകുളത്തും, കാട്ടാക്കടയിലും പൊതുയോഗങ്ങളിൽ പങ്കെടുത്തു; കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാടും ,കോഴിക്കോടും റോഡ്ഷോ നടത്തി. മുഖ്യമന്ത്രി പിണറായി വിജയൻ തൃശ്ശൂരിൽ പ്രചാരണത്തിൽ.

2 . ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ വോട്ടെടുപ്പ് ആരംഭിക്കുന്നതിന് മുമ്പായി നടത്തിയ പരിശോധനകളിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ 4,650 കോടി രൂപ പിടിച്ചെടുത്തു.

3 . ഇടവിട്ടുള്ള വേനൽ മഴയിൽ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണ ജോർജ്.

4 . തൃശൂർ പൂരത്തിന് ആനയും ആൾക്കൂട്ടവും തമ്മിലുള്ള ദൂരം 6 മീറ്ററാക്കി ഹൈക്കോടതി ഉത്തരവ്. ജനങ്ങളുടെ സുരക്ഷ പ്രധാനമെന്നും ഹൈക്കോടതി.

5. ഐപിഎൽ ക്രിക്കറ്റിൽ രാത്രി 7.30 ന് ബംഗളൂരുവിൽ നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും.

***************************************

RNU TVPM

## തിരഞ്ഞെടുപ്പ് - ജനറൽ

ലോക്സഭാ തെരെഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം മററന്നാൾ വൈകിട്ട് അവസാനിക്കാനിരിക്കെ, പ്രചാരണം ഉച്ചസ്ഥായിയിൽ. രാജ്യത്ത് ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളിലായുള്ള 102 ലോക് സഭാ മണ്ഡലങ്ങൾ ആദ്യ ഘട്ട വോട്ടെടുപ്പിന് സജ്ജമായി. ദേശീയ നേതാക്കൾ സജീവമായതോടെ, രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം അടക്കമുള്ള സംസ്ഥാനങ്ങളിലും പ്രചാരണം ഊർജ്ജിതമായി.

**************************************

## പ്രധാന മന്ത്രി - കാട്ടാക്കട

മൂന്നാം തവണയും അധികാരത്തിലെത്തിയാൽ കേരളത്തിൽ വലിയ വികസന പദ്ധതികൾ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.എൻ.ഡി.എ സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം തിരുവനന്തപുരം കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രാണ്ടിൽ നടന്ന പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.ബിജെപിയുടെ പ്രകടന പത്രിക എന്നാൽ മോദിയുടെ ഗ്യാരന്റിയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ദക്ഷിണേന്ത്യയിൽ ബുള്ളറ്റ് ട്രെയിൻ കൊണ്ടുവരുമെന്നും ഇതിനുള്ള സർവ്വേ നടപടികൾ പുതിയ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആരംഭിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ശ്രീനാരായണ ഗുരുവിനേയും അയ്യങ്കാളിയേയും അനുസ്മരിച്ച പ്രധാനമന്ത്രി മലയാളത്തിൽ സ്വാഗതം ആശംസിച്ചുകൊാെണ്ടാണ് പ്രസംഗം ആരംഭിച്ചത്.

**************************************

## കരുവന്നൂർ - പ്രധാന മന്ത്രി

കരുവന്നൂരിലെ വഞ്ചിക്കപ്പെട്ട നിക്ഷേപകർക്ക് നഷ്ടപ്പെട്ട പണം തിരികെ നല്കാനുള്ള നടപടികൾ

സ്വീകരിക്കുമെന്ന് പ്രധാനമന്ത്രി. ഇതിനോടകം തന്നെ

തട്ടിപ്പുകാരിൽ നിന്നും 90 കോടിയുടെ വസ്തുവകകൾ ഇ

PRNUTVPM

ഡി പിടിച്ചെടുത്തു കഴിഞ്ഞു. ഇവ നിക്ഷേപകർക്ക് തിരികെ കൊടുക്കാനുള്ള നിയമപരമായ വശം പരിശോധിക്കുകയാണ് കേന്ദ്ര സർക്കാരെന്നും പ്രധാനമന്ത്രി പറഞ്ഞു.

*************************************

## പ്രധാന മന്ത്രി -തൃശൂർ

നേരത്തെ തൃശൂർ കുന്നംകുളത്ത് നടന്ന എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിലും പ്രധാന മന്ത്രി പങ്കെടുത്തിരുന്നു. പുതുവർഷം കേരളത്തിന് വികസനത്തിൻറെ വർഷമായിരിക്കുമെന്നും, കേരള രാഷ്ട്രീയത്തിൽ വളരെ വലിയ മാറ്റം കാണാനാകുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു . ജനങ്ങൾ ഇനി എൽഡിഎഫിനെയും യുഡിഎഫിനെയും പിന്തുണയ്ക്കില്ലെന്നും ശ്രീ മോദി പറഞ്ഞു. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൻറെ പാരമ്പര്യത്തെ അന്തർദേശീയവത്കരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

*************************************

## രാഹുൽ ഗാന്ധി-വയനാട്

വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വയനാട്ടിൽ തുടക്കമായി. ബത്തേരി, മാനന്തവാടി, വെള്ളമുണ്ട, പടിഞ്ഞാറത്തറ എന്നിവടങ്ങളിൽ റോഡ്ഷോയിൽ രാഹുൽ ഗാന്ധി പങ്കെടുത്തു. പരസ്പര ബഹുമാനമാണ് രാഷ്ട്രീയത്തിന്റെ അടിസ്ഥാനമെന്ന് രാഹുൽ ഗാന്ധി റോഡിഷോയിൽ പറഞ്ഞു . കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസിന് അധികാരമില്ലാത്തതിനാലാണ് വയനാട് അവഗണന നേരിടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

കോഴിക്കോട് കടപ്പുറത്ത് നടക്കുന്ന യു.ഡി.എഫ് റാലിയിലും പൊതുസമ്മേളനത്തിലും രാഹുൽഗാന്ധി പങ്കെടുക്കും.

*************************************

RIUTVPM

## മുഖ്യമന്ത്രി

മുഖ്യമന്ത്രി പിണറായി വിജയന്റെ തെരഞ്ഞെടുപ്പ് പ്രചാരണം തൃശൂരിൽ നടക്കുന്നു. ഇരിങ്ങാലക്കുടയിലായിരുന്നു ആദ്യ പരിപാടി, പിന്നാലെ തൃശൂരിലും ചാവക്കാടും,ഗുരുവായൂരും നടക്കുന്ന പൊതുയോഗങ്ങളിൽ മുഖ്യമന്ത്രി പങ്കെടുക്കുന്നു . ഇടതു മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ദേശീയ നേതാക്കൾ ഇന്നു മുതൽ കേരളത്തിൽ എത്തും.സി.പി.ഐ.എം പോളിറ്റ് ബ്യൂറോ അംഗം വൃന്ദ കാരാട്ട് കണ്ണൂരിലെ പ്രചരണ പരിപാടികളിൽ പങ്കെടുത്തു.

****************************************

## തെരഞ്ഞെടുപ്പു കമ്മീഷൻ-വോട്ടർ സ്വാധീനം

വോട്ടർമാരെ സ്വാധീനിക്കുന്നതിനുള്ള പണം ഉൾപ്പടെയുള്ള സാധന സാമഗ്രികൾ പിടിച്ചെടുക്കുന്നതിൽ ചരിത്ര നേട്ടവുമായി തെരഞ്ഞെടുപ്പു കമ്മീഷൻ. ആദ്യഘട്ട ലോക്സഭാ വോട്ടെടുപ്പ് ഈ മാസം 19 നു നടക്കാനിരിക്കെ, എൻഫോഴ്സ്മെൻ്റ് അധികൃതർ ഇതുവരെ 4,650 കോടി രൂപ പിടിച്ചെടുത്തതതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. 3475 കോടി രൂപയായിരുന്നു 2019-ലെ പൊതുതിരഞ്ഞെടുപ്പ് കാലത്ത് പിടികൂടിയത്. ഈ തുകയിൽ നിന്നും വലിയ വർധനവാണ് നിലവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തെരഞ്ഞെടുപ്പിൽ പണത്തിന്റെ സ്വാധീനം തടയേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനായി ഈ വർഷം ആദ്യം മുതൽ തന്നെ ഇലക്ഷൻ കമ്മീഷനിലെ മുതിർന്ന ഉദ്യോഗസ്ഥർ വിവിധ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും സന്ദർശിച്ചു നിർദ്ദേശങ്ങൾ നൽകിയിരുന്നു.

RNU TVPM

****************************************

## തെരഞ്ഞെടുപ്പു കമ്മീഷൻ-വോട്ടർ സ്വാധീനം

വോട്ടർമാരെ സ്വാധീനിക്കുന്നതിനുള്ള പണം ഉൾപ്പടെയുള്ള സാധന സാമഗ്രികൾ പിടിച്ചെടുക്കുന്നതിൽ ചരിത്ര നേട്ടവുമായി

തെരഞ്ഞെടുപ്പു കമ്മീഷൻ. ആദ്യഘട്ട ലോക്സഭാ വോട്ടെടുപ്പ് ഈ മാസം 19 നു നടക്കാനിരിക്കെ, എൻഫോഴ്സ്മെൻ്റ് അധികൃതർ ഇതുവരെ 4,650 കോടി രൂപ പിടിച്ചെടുത്തതതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. 3475 കോടി രൂപയായിരുന്നു 2019-ലെ പൊതുതിരഞ്ഞെടുപ്പ് കാലത്ത് പിടികൂടിയത്. ഈ തുകയിൽ നിന്നും വലിയ വർധനവയാണ് നിലവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തെരഞ്ഞെടുപ്പിൽ പണത്തിന്റെ സ്വാധീനം തടയേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനായി ഈ വർഷം ആദ്യം മുതൽ തന്നെ തെരഞ്ഞെടുപ്പ് ഇലക്ഷൻ കമ്മീഷനിലെ മുതിർന്ന ഉദ്യോഗസ്ഥർ വിവിധ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും സന്ദർശിച്ചു നിർദ്ദേശങ്ങൾ നൽകിയിരുന്നു.

***************************************

## മണ്ഡലങ്ങളിലൂടെ - മലപ്പുറം - ഇൻട്രോ

യു ഡി എഫ് സ്ഥാനാർത്ഥിയായ മുസ്ലീംലീഗിലെ അബ്ദുസമദ് സമദാനിയും എൽ ഡി എഫ് സ്ഥാനാർത്ഥിയായി സി പി എമ്മിലെ കെ എസ് ഹംസയും എൻ ഡി എ സ്ഥാനാർത്ഥിയായി ബി ജെ പിയുടെ നിവേദിത സുബ്രഹ്മണ്യനും മത്സരിക്കുന്ന പൊന്നാനിയിൽ പ്രചാരണപ്രവർത്തനങ്ങളിൽ മൂന്നു മുന്നണികളും ഒപ്പത്തിനൊപ്പമാണ്.

ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു തയാറാക്കിയ റിപ്പോർട്ട് ...

RNU TVPM

***************************************

## മന്ത്രി വീണാ ജോർജ് - -ഡെങ്കിപ്പനി

ഇടവിട്ടുള്ള മഴ കാരണം ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലേറിയ, ഫൈലേറിയസിസ്, സിക്ക തുടങ്ങിയ ഗുരുതര രോഗങ്ങൾ കൊതുക് വഴി പരത്താൻ സാധ്യതയുണ്ട്..കൊതുകിന്റെ ഉറവിട നശീകരണം നടത്തണം. വീടിനകത്തും പുറത്തും വെള്ളം കെട്ടി നിൽക്കാൻ

അനുവദിക്കരുത്.വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. കൊതുകുകടി ഏൽക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നും മന്ത്രി നിർദേശം നൽകി.

***************************************

## തൃശൂർ പൂരം- ഹൈക്കോടതി

തൃശൂർ പൂരത്തിന് ആനകൾ അണിനിരക്കുന്ന സ്ഥലത്ത് നിന്ന് ജനങ്ങൾ 100 മീറ്റർ ദൂരപരിധി പാലിക്കണമെന്ന ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഇറക്കിയ ഉത്തരവിൽ മാറ്റം വരുത്തി 6 മീറ്റർ ആയി ചുരുക്കിയത് ഹൈക്കോടതി അംഗീകരിച്ചു. ഇതിനിടയിൽ തീവെട്ടിയും ചെണ്ടമേളം ഉൾപ്പേടെ ഒന്നും പാടില്ലെന്നും ഇക്കാര്യങ്ങൾ കർശനമായി പാലിച്ചിരിക്കണമെന്നും ഹൈക്കോടതി ഉത്തരവിട്ടു. ജനങ്ങളുടെ സുരക്ഷയാണ് പ്രധാനമെന്നും അക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ പറ്റില്ലെന്നും കോടതി വ്യക്തമാക്കി. കുടമാറ്റത്തെ ബാധിക്കാത്ത രീതിയിലാകും നിയന്ത്രണങ്ങൾ. അതിനിടെ തൃശ്ശൂർ പൂരത്തിന് തെച്ചിക്കോട്ട്കാവ് രാമചന്ദ്രനെ എഴുന്നള്ളിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഏറ്റെടുക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടു.

***************************************

## പുതുച്ചേരി ലോക്സഭാ മണ്ഡലം(ഇൻട്രോ)

ഈ മാസം 19 ന് തിരഞ്ഞെടുപ്പ് നടക്കുന്ന പുതുച്ചേരി ലോക്സഭാ മണ്ഡലത്തിന്റെ ഭാഗമായ മാഹി അസംബ്ലി മണ്ഡലത്തിലെ 31 പോളിങ് ബൂത്തുകളും ഇത്തവണ വനിതകൾ നിയന്ത്രിക്കും. ഇതുവഴി മാഹി ചരിത്രത്തിൻ്റെ ഭാഗമാവുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

***************************************

RNU TVPM

## <u>മനുഷ്യാവകാശ കമ്മീഷൻ-പോലീസ് പെരുമാറ്റം</u>

സ്റ്റേഷനിൽ പരാതിയുമായി വരുന്നവരോട് മാന്യമായി പെരുമാറേണ്ട ബാധ്യത പോലീസിനുണ്ടെന്ന് മനുഷ്യാവകാശ കമ്മീഷൻ. പോലീസ് മോശമായി പെരുമാറിയെന്ന ആരോപണം പരാതിക്കാരിൽ നിന്നുമുണ്ടാകാതിരിക്കാൻ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.മെഡിക്കൽ കോളേജ് എസ്.ഐക്കെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

****************************

## <u>കൊല്ലം-പൂരം</u>

കൊല്ലം പൂരം അൽപസമയത്തിനകം ആശ്രാമം മൈതാനത്ത് ആരംഭിക്കും. തിരുമുൻപിൽ മേളവും കുടമാറ്റവും നടന്നു. ശേഷം ആശ്രാമം ഉണ്ണിക്കണ്ണൻ പരിവാരസമേതം ആറാട്ട് എഴുന്നള്ളി. പുതിയകാവ് ഭഗവതിയും, താമരക്കുളം ശ്രീ മഹാഗണപതിയും ആനപ്പുറത്ത് എഴുന്നള്ളി ആശ്രാമം മൈതാനത്ത് എത്തുന്നതോടെ കൊല്ലം പൂരവും കുടമാറ്റവും ആരംഭിക്കും.

*************************************

## <u>ക്വിസ് ആദ്യഘട്ട മത്സരം</u>

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന ക്വിസ് ആദ്യഘട്ട മത്സരങ്ങൾക്ക് തുടക്കമായി . ശനിയാഴ്ച വരെ  വരെ ആറു കോർപ്പറേഷനുകളിലായാണ് ആദ്യഘട്ട മത്സരം. ഇതിൽ വിജയിക്കുന്നവർക്കുള്ള ഫൈനൽ മത്സരം ഏപ്രിൽ 23-ന് തിരുവനന്തപുരം കോർപ്പറേഷനിൽ നടക്കും.

*************************************

## <u>ഐ പി എൽ</u>

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും സൺറേസേഴ്സ് ഹൈദരാബാദും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7.30 ന് ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ചു

RNU TVPM

കളികളിൽനിന്ന് ആറ് പോയിന്റുമായി പട്ടികയിൽ നാലാം സ്ഥാനത്താണ് ഹൈദരാബാദ്; ബംഗളൂരു പത്താം സ്ഥാനത്തും

**************************************

## ഐ എസ് എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ATK മോഹൻ ബഗാൻ മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30 ന് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

## മഴ -കാലാവസ്ഥാവകുപ്പ്

കേരളത്തിൽ അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത നിർദേശം നൽകി.

## സംസ്ഥാനം - താപനില

സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ 11 ജില്ലകളിൽ മറ്റന്നാൾ വരെ മഞ്ഞ ജാഗ്രത നിർദേശം. തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 വരെയും

ഉയരും. ഉൾപ്രദേശങ്ങളിലും തീരമേഖലകളിലും അന്തരീക്ഷ ആർദ്രത 60 - 70 പരിധിയിലാവാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം.

RNU TVPM

## ഓഹരി/ സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ച്. ബോംബെ ഓഹരിസൂചിക

സെൻസെക്സ് 845 പോയിന്റ് ഇടിഞ്ഞ് 73,400 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 247 പോയിന്റ് താഴ്ന്ന് 22,273 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണവില ഉയർന്നു. പവന് 440 രൂപ വർദ്ധിച്ച് 53,640 രൂപയും ഗ്രാമിന് 6,705 രൂപയുമാണ് ഇന്ന് വില .

**************************************

********************

*****